ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണിക്കാൻ ബുദ്ധിമുട്ടുണ്ട്.

(സി) 15-5-1999 മുതലാണ് ഇപ്പോൾ ഈടാക്കി വരുന്ന താരിഫ് നടപ്പിലാക്കിയത്.

ഇലക്ട്രിസിറ്റി ബോർഡിലെ താൽകാലിക ജീവനക്കാർ

91 (1243) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ കരാർ, ദിവസകൂലി ഇനങ്ങളിലായി ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സൂപ്പർവൈസറി തസ്തികകളിൽ പുനർനിയമനം വഴി ജോലി ചെയ്യുന്നവർ എത്ര പേരുണ്ട് ;

(സി) കൺസൾട്ടന്റുമാരായും മറ്റ് ജോലിക്കാരായും കെ.എസ്.ഇ.ബി.യിൽ എത്ര വിദേശി ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) ഇവർ ആരൊക്കെയാണെന്നും ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) വിദേശി ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ ശമ്പളവും ആനുകൂല്യങ്ങളും എത്രയാണെന്നു വ്യക്തമാക്കാമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി എന്ത് തുക നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കെ.എസ്.ഇ.ബി.യുടെ ഉദ്യോഗസ്ഥരായി വിദേശികളാരും ജോലി ചെയ്യുന്നില്ല.

(ഡി-എഫ്) പ്രസക്തമല്ല.

എല്ലാ കുടുംബങ്ങൾക്കും വൈദ്യുതിബന്ധം നൽകുവാൻ നടപടി

92 (1244) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ കുടുംബങ്ങൾക്കും വൈദ്യുതിബന്ധം നൽകുന്നതിലേക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ നാലര കൊല്ലക്കാലത്ത് എത്ര കുടുംബങ്ങൾക്ക് വൈദ്യുതി ബന്ധം നൽകിയിട്ടുണ്ട് ;

(സി) ദുർബല വിഭാഗങ്ങളുടെ കോളനികൾക്ക് പുതുതായി വൈദ്യുതിബന്ധം നൽകുന്നതിൽ എന്തെങ്കിലും നേട്ടം കൈവരിക്കുവാനായിട്ടുണ്ടോ ?

ഉത്തരം

(എ) 31-8-2000 വരെ രജിസ്റ്റർ ചെയ്ത എല്ലാ വെതർപ്രൂഫ് കണക്ഷനുകളും 31-12-1998 വരെ രജിസ്റ്റർ ചെയ്ത എല്ലാ ഓവർഹെഡ് കണക്ഷനുകളും 31-12-1996 വരെയുള്ള ലൈൻ എക്സ്റ്റൻഷൻ, മിനിമം ഗ്യാരന്റി എന്നീ സ്കീമിൽ അപേക്ഷിച്ചവർക്കും ഈ സാമ്പത്തിക വർഷം കണക്ഷൻ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതുസഹസ്രാബ്ദത്തിന്റെ സമ്മാനമായി 31-12-2001-ന് മുമ്പ് ഒരു ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകുവാനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടിൽ, ജ്യോതി പദ്ധതിയിൽപ്പെട്ട ഗാർഹിക വെതർപ്രൂഫ് കണക്ഷനുകളും, ദാരിദ്ര്യരേഖക്ക് താഴെയുള്ള (അതായത് 150 വാട്സ് വരെ കണക്ടഡ് ലോഡുള്ള) ഗാർഹിക വെതർപ്രൂഫ് കണക്ഷനുകളുമാണ് ഈ പദ്ധതിപ്രകാരം നൽകുന്നത്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട അർഹരായ ഉപഭോക്താക്കളുടെ വീടുകൾ താഴെപ്പറയുന്ന ഏതെങ്കിലും ഏജൻസികൾ വയറിംഗ് ചെയ്തു നൽകുന്ന പക്ഷം ഗാർഹിക വെതർപ്രൂഫ് സർവ്വീസുകൾ വൈദ്യുതി ബോർഡ് സൗജന്യമായി നൽകുന്നതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
2. റസിഡൻസ് അസോസിയേഷൻ
3. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ
4. മറ്റേതെങ്കിലും സന്നദ്ധ സംഘടനകൾ

(ബി) 13,82,268

(സി) ഉണ്ട്.

ചങ്ങനാശ്ശേരി ഡിവിഷനിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകൾ

93 (1245) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷന്റെ പരിധിയിലുള്ള ചങ്ങനാശ്ശേരി തൃക്കൊടിത്താനം, തെങ്ങണ, കുറിച്ചി എന്നീ സെക്ഷനുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly